സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള നിയന്ത്രണം

* [272] ശ്രീ. വി. വി. ജോസഫ്:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് പുതിയ പെർമിറ്റ് നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും ഉത്തരവ് കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്താണ് ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ) ഉണ്ട്.

(ബി) നിബന്ധനകൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം വെക്കുന്നു. ‡

റോഡപകടങ്ങൾ

* [273] ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൈനംദിനം വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കാൻ ഗവൺമെന്റ് ഫലപ്രദമായ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ ഓവർസ്പീഡും ഡ്രൈവർമാരുടെ അശ്രദ്ധയും റോഡപകടങ്ങൾക്ക് കാരണമാകുമെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇവ തടയാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ) ഉണ്ട്.

(ബി) & (സി) ഉണ്ട്. വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് കർശനമായ പരിശോധനക്കുശേഷം മാത്രമേ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഡ്രൈവിംഗ് ലൈസൻസുകൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കുന്നുണ്ട്. അപകടസാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിൽ വേഗത നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. കൂടാതെ 15 വർഷത്തിൽകൂടുതൽ പഴക്കമുള്ള വാഹനങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും 10 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ളവ പരിചയസമ്പന്നരായ മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടറും പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുംപുറമേ മോട്ടോർവാഹന ഡിപ്പാർട്ടുമെന്റിൽ പുതുതായി നിയമിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വാഹനഅപകടങ്ങൾ പരമാവധി തടയാനും നിയമങ്ങൾ കർശനമായി പാലിക്കാനും പര്യാപ്തമാകുമാറ് പോലീസ് ട്രെയിനിംഗ് കോളേജിൽ മൂന്നുമാസക്കാലം പരിശീലനംനൽകിവരുന്നുണ്ട്.

‡ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly